# സ്വകാര്യവൽക്കരണം അമേരിക്കക്ക് പുലിവാലാകുന്നു

അമേരിക്കൻ ഭരണകൂടത്തിന് സ്വകാര്യവൽക്കരണം തലവേദന സൃഷ്ടിക്കുന്നു. ഭരണകൂടം പോലും സ്വകാര്യവൽക്കരിക്കപ്പെടുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായാണ് സൂചനകൾ. ഭരണകൂടത്തിനെ അവഗണിച്ചുകൊണ്ട് ധനികസമൂഹങ്ങൾ സ്വയംപര്യാപ്തമായി ഉയർന്നുവരുന്നത് അമേരിക്കയെ കുഴക്കുന്നു.

സർക്കാർ സേവനങ്ങൾ തങ്ങൾക്ക് ആവശ്യമില്ലെന്നും അതിനാൽ തങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കാമെന്നുമാണ് ധനികരായ ഒരുവിഭാഗം അമേരിക്കൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത്. ഗത്യന്തരമില്ലാതെ സർക്കാർ അതിന് വഴികൊടുക്കുകയാണിപ്പോൾ.

അമേരിക്കയിൽ ധനികരായ ആളുകൾ ഒന്നിച്ചു താമസിക്കുന്ന എൻക്ലേവുകൾ വ്യാപകമാണ്. അവിടെ സ്വന്തം ജലവിതരണം, സ്വന്തം വൈദ്യുതി, സ്വന്തം സെക്യൂരിറ്റി എല്ലാം ഒരുക്കിയിരിക്കുന്നു. ഇത്തരം എൻക്ലേവുകളിൽ 80 ലക്ഷം ആളുകൾ താമസിക്കുന്നുണ്ടെന്നാണ് കണക്ക്. അവിടത്തെ മൊത്തം ജനസംഖ്യയുടെ 4 ശതമാനം വരും ഈ സംഖ്യ. ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാംലോകരാജ്യങ്ങളിലും ഈ പ്രവണത പടരുന്നുണ്ട്.

പഴയ ഫ്യൂഡൽപ്രഭുവാഴ്ചയുടെ ഒരു പുതിയ പതിപ്പായ ഇതിൽ ഒളിഞ്ഞിരിക്കുന്ന അപകടം ലോകബാങ്ക് വിദഗ്ധൻമാർ മനസ്സിലാക്കിയിരിക്കുന്നു. എല്ലാ സൗകര്യങ്ങളും നിഷേധിക്കപ്പെടുന്ന ഭൂരിപക്ഷം അധികനാൾ വെറുതെ ഇരിക്കില്ല എന്ന് വിദഗ്ധൻമാർ ചൂണ്ടിക്കാണിക്കുന്നു. പൊതുസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുമ്പോൾ തന്നെ മെച്ചപ്പെട്ട മേൽനോട്ട സംവിധാനമുണ്ടാക്കി അവയുടെ ചെലവ് കുറച്ച് എല്ലാവർക്കും പ്രാപ്യമാക്കണം എന്നാണ് അവരുടെ നിർദ്ദേശം. വ്യവസായങ്ങളും മറ്റും സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ കിട്ടുന്ന തുക ഇത്തരം പശ്ചാത്തലസംവിധാനങ്ങളിൽ മുടക്കണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. പക്ഷെ, ധനകാര്യവിദഗ്ധരുടെ ഇത്തരം ഉപദേശങ്ങളൊന്നും സ്വകാര്യവൽക്കരണത്തിന്റെ രുചി അറിഞ്ഞ മൂന്നാംലോകഭരണകർത്താക്കളുടെ തലയിൽ കയറുന്നില്ല എന്നതാണ് വാസ്തവം.

ഇന്ത്യയിലാണെങ്കിൽ സ്വകാര്യൽവൽക്കരണത്തിന്റെ കരങ്ങൾ പൊതുസംവിധാനങ്ങളിലെ സ്വകാര്യവൽക്കരണത്തിലേക്കു വരെ നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു. നമ്മുടെ മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ പൊതുസംവിധാനങ്ങളിലെ പ്രശ്നങ്ങളും അപര്യാപ്തതകളും മുൻനിർത്തി കൈക്കലാക്കാൻ ഒരുങ്ങുകയാണ് സ്വകാര്യവൽക്കരണ വാണിഭക്കാർ.